**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1003** **06-10-2021 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ ആവോലിച്ചാൽ മില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ വാരപ്പെട്ടി, കവളങ്ങാട്, പല്ലാരിമംഗലം അടക്കമുള്ള പഞ്ചായത്തുകളിലെയും കോതമംഗലം മുൻസിപ്പാലിറ്റിയിലെയും വിവിധ പ്രദേശങ്ങളിൽ വേനൽക്കാലത്ത് ഉണ്ടാവുന്ന കുടിവെള്ളക്ഷാമവും വരൾച്ചയും പരിഹരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആവോലിച്ചാൽ മില്ലാഞ്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (എ) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 10.70 കോടി രൂപയുടെ ഭരണാനുമതി 28/09/2021-ലെ ജി.ഒ (ആർ.റ്റി) നം.502/2021/ജ.വി.വ. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 10.70 കോടി രൂപയുടെ ഭരണാനുമതി 28/09/2021-ലെ ജി.ഒ (ആർ.റ്റി) നം.502/2021/ജ.വി.വ. ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഭരണാനുമതി ലഭ്യമായ ശേഷം സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (സി) | 28/09/2021 ൽ ടി പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മിക്കുന്നത് കേരള ജല അതോറിറ്റിയുടെ സ്ഥലത്തായതിനാൽ കേരള ജല അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുവാദം പൊതുമരാമത്ത്, വനം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. ഇത് ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | സാങ്കേതിക അനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | 28/09/2021 ൽ ടി പദ്ധതിയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മിക്കുന്നത് കേരള ജല അതോറിറ്റിയുടെ സ്ഥലത്തായതിനാൽ കേരള ജല അതോറിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള അനുവാദം പൊതുമരാമത്ത്, വനം എന്നീ വകുപ്പുകളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കേണ്ടതുണ്ട്. ഇത് ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ